മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഗവൺമെന്റിന്റെ തീരുമാനം ഉണ്ടായിക്കഴിഞ്ഞിട്ടും പലഭാഗത്തും ജപ്തി നടപടികൾ സഹകരണ ബാങ്ക് നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഒരു കാര്യം പറഞ്ഞു. കഴിഞ്ഞയാഴ്ച ചില അംഗങ്ങൾ കണ്ണൂർ ജില്ലയിലെ ചില പ്രദേശത്തുണ്ടായ കാര്യങ്ങൾ പറഞ്ഞു. ഗവൺമെന്റ് ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനം സഹകരണ ബാങ്കിന്റെ മാത്രമല്ല ഈ സംസ്ഥാനത്തെ കാർഷിക കടങ്ങൾക്കുള്ള ജപ്തി ഒരു വർഷത്തേക്ക് ഏത് ബാങ്കിന്റേതാണെങ്കിലും നടത്തിക്കൊടുക്കേണ്ട എന്ന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുവാൻ കഴിഞ്ഞ മന്ത്രിസഭാ യോഗം തീരുമാനം എടുത്തിരിക്കുകയാണ്. ആ തീരുമാനം എല്ലാവരേയും അറിയിക്കുകയാണ്.

(4) നിയമസഭ പാസ്സാക്കാതെ ധനവിനിയോഗം നടത്തിയതു സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: നമ്മുടെ ഭരണഘടനയുടെ 204-ാം അനുച്ഛേദമനുസരിച്ച് നിയമസഭ പാസാക്കുന്ന ഒരു നിയമം വഴി അല്ലാതെ സംസ്ഥാനത്തെ സഞ്ചിതനിധിയിൽനിന്ന് യാതൊരു തുകയും പിൻവലിക്കാൻ പാടില്ല, ചെലവഴിക്കാൻ പാടില്ല. 205-ാം അനുച്ഛേദ പ്രകാരം അധികചെലവ് ഉണ്ടാകുകയാണെങ്കിൽ അതിനെ സംബന്ധിച്ച് ധനാഭ്യർത്ഥന നിയമസഭയിൽ അവതരിപ്പിക്കുകയും അംഗീകാരം തേടുകയും വേണം എന്ന് വ്യവസ്ഥയുണ്ട്. 1983-84 മുതൽ ഇങ്ങോട്ട് കഴിഞ്ഞ ഇരുപതു വർഷക്കാലത്തെ കണക്കുകൾ മൊത്തമായി എടുത്തു പരിശോധിച്ചാൽ 1810 കോടി രൂപ നിയമസഭയറിയാതെ നമ്മൾ പാസാക്കിക്കൊടുക്കാതെ അധിക ചെലവ് വിവിധ വകുപ്പുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. യാതൊരു നിയമവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ വിഷയം ചർച്ചയ്ക്കു വരുന്നത് 27-ാം തീയതിയാണ്. അന്ന് പറയാൻ അവസരം നൽകാം.....പ്ലീസ്.....

ശ്രീ. എം.വി. ജയരാജൻ: ഞാനിത് അവതരിപ്പിക്കേണ്ട?

മി. ഡെപ്യൂട്ടി സ്പീക്കർ: 27-ാം തീയതി അവതരിപ്പിച്ചാൽ മതി.

VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 30-ാമതു റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 30-ാമതു റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ പിൻതാങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly